LIBRARY ARCHIVES Kerala Legislative Assembly

തവന്നൂർ മണ്ഡലം എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട്

202 (4488) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവന്നൂർ മണ്ഡലം എം. എൽ. എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും പുറത്തൂർ പഞ്ചായത്തിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) എന്നത്തേക്ക് ഈ പ്രവൃത്തി തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) ഉണ്ട്.

(സി) 29-12-2014-ൽ ആണ് ഈ പ്രവൃത്തിക്കുവേണ്ടി ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതി. ഇതിനുശേഷം ടെണ്ടർ പരിശോധനയുടെ നടപടികൾ പൂർത്തിയായാൽ ഉടൻതന്നെ പ്രവൃത്തി തുടങ്ങാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ചേർത്തല താലൂക്കിലെ ജെ.ഐ.സി.എ. യു-ടെ പൈപ്പ് ലൈൻ

203 (4489) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജെ.ഐ.സി.എ.യു-ടെ പൈപ്പ് ലൈൻ ചേർത്തല താലൂക്കിൽ എത്ര പ്രദേശങ്ങളിൽ ഏതൊക്കെ സ്ഥലങ്ങളിൽ നാളിതുവരെ പൊട്ടിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; മറവൻതുരുത്തിൽ എത്ര പ്രാവശ്യം ഈ പൈപ്പ് ലൈൻ പൊട്ടിയിട്ടുണ്ട്;

(ബി) ഇങ്ങനെ അടിക്കടി പൊട്ടുന്നത് ഇതിനായി ഉപയോഗിച്ച പൈപ്പിന്റെ ഗുണമേന്മ കുറവായതിനാലാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പൈപ്പുകൾ വാങ്ങുന്നതിന് ഏതൊക്കെ തലങ്ങളിലാണ് തീരുമാനമെടുത്തത് എന്ന് വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഒരു വിജിലൻസ് അന്വേഷണത്തിന് തയ്യാറാകുമോയെന്നറിയിക്കുമോ ?

ഉത്തരം

(എ) ചേർത്തല താലൂക്കിൽ ട്രാൻസ്മിഷൻ പൈപ്പ് ലൈനിൽ 25 സ്ഥലങ്ങളിൽ പൊട്ടലുകൾ ഉണ്ടായിട്ടുണ്ട്. പ്രസ്തുത പ്രദേശങ്ങൾ ഇവയാണ് മായിത്തറ (2 തവണ), പള്ളിപ്പുറം - കൃഷിഭവനുസമീപം, വീരമംഗലം, തറവൂർ കടക്കരപ്പള്ളി, ഇറവൂർഫെറി, ഒറ്റപ്പന്ന ജംഗ്ഷൻ, ഇറവൂർ, പാണാവള്ളി, കുത്തിയത്തോട് (പാട്ടുകുളങ്ങര), കുത്തിയത്തോട് പാലം, മുന്നാംകര കലിംഗ്, മാരാരിക്കുളം (2 തവണ), എക്സ് റേ (വാട്ടർ അതോറിറ്റി ഓഫീസിന് സമീപം), പള്ളിപ്പുറം ചർച്ച് കഞ്ഞിക്കുഴി, പോളി ടെക്നിക് (ചേർത്തലയുടെ എതിർവശം), തിരുനെല്ലൂർ, മലബാർ സിമെന്റ് (പള്ളിപ്പുറത്തിന് സമീപം), മാക്കേക്കടവ്, പള്ളിപ്പുറം വില്ലേജ് ഓഫീസിന് സമീപം, കെ.വി.എം. ജംഗ്ഷൻ, ഇറവൂർ ഫെറിക്ക് സമീപം (2 തവണ) എന്നിവയാണ്.

മറവൻതുരുത്തിൽ എട്ട് തവണ ഈ പൈപ്പ് ലൈൻ പൊട്ടിയിട്ടുണ്ട്.

(ബി) ചേർത്തലയിലെ ജപ്പാൻ കുടിവെള്ളപദ്ധതിയിൽ ജി.ആർ.പി. പൈപ്പിൽ ക്രമാതീതമായി പൊട്ടൽ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ യഥാർത്ഥ കാരണത്തെ സംബന്ധിച്ച് വിഷയം അന്വേഷണ ഘട്ടത്തിലാണ്. ജിക്ക പദ്ധതി കൺസൾട്ടന്റിന്റെ ശിപാർശ പ്രകാരം വാട്ടർ അതോറിറ്റിയുടെ ടെക്നിക്കൽ കമ്മിറ്റിയാണ് ടി പൈപ്പുകൾ വാങ്ങുന്നതിന് തീരുമാനമെടുത്തത്.

(സി) ഇത് സംബന്ധിച്ച അന്വേഷണം പൂർത്തിയായതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഉൾനാടൻ ജലാശയങ്ങളിലെ മലിനീകരണം കുറച്ചുകൊണ്ടുവരുന്നതിന് നടപടി

204 (4490) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിലെ കോളിഫോം ബാക്ടീരിയയുടെ അളവ് വളരെ ഉയർന്നതാണെന്ന് പരിശോധനകളിൽ കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ, ഇത്തരത്തിൽ മാലിന്യത്തോത് ഉയരുന്നതിനുള്ള കാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മലിനീകരണം കുറച്ചുകൊണ്ടുവരുന്ന കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly